**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് വക സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 130/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം : 23.01.2019

പരാമർശം :- 1. 29.07.2015 ലെ സ.ഉ.(കൈ) നമ്പർ 98/2015/തൊഴിൽ.

2. ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 13.05.2016 ലെ III(9)-ാം നമ്പർ തീരുമാനം.

3. ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 14.06.2016 ലെ അപേക്ഷ.

4. ഗ്രാമ വികസന കമ്മീഷണറുടെ 24.01.2017 ലെ 11151/എച്ച് & റ്റി2/16/സി.ആർ.ഡി. നമ്പർ കത്ത്.

5. ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 20.02.2018, 29.08.2018 തീയതികളിലെ ബി3-689/15 നമ്പർ കത്തുകൾ.

6. ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 13.11.2018 ലെ IX (1)-ാം നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന് പുതുതായി അനുവദിച്ച ഐ.റ്റി.ഐ.യ്ക്കായി കൊല്ലം ജില്ലയിൽ കുമ്മിൾ ഗ്രാമ പഞ്ചായത്തിലെ തൃക്കണ്ണാപുരത്ത്, ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറി നൽകുന്നതിന് പരാമർശം (2) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്ത്, സർക്കാർ അനുമതിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു . വനിതാ ഐ.റ്റി.സി. സ്ഥാപിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് വിലയ്ക്കുവാങ്ങിയ, കൊട്ടാരക്കര താലൂക്ക് . കുമ്മിൾ വില്ലേജിലെ 309/1-1, 309/1-2, 309/1-3 എന്നീ സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട 3 ഏക്കർ വസ്തുവിലെ 309/1-2, 309/1-3 സർവ്വേയിൽപ്പെട്ട 1 ഏക്കർ 94 സെന്റ് സ്ഥലമാണ് ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിനായി വിട്ടുനൽകേണ്ടത് എന്നും, പ്രസ്തുത സ്ഥലം ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിനായി കൈമാറി നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (6) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. ആവശ്യമായ സ്ഥലം തദ്ദേശ സ്വയംഭരണ സ്ഥാപനം സൗജന്യമായി അനുവദിക്കണമെന്ന വ്യവസ്ഥയിലാണ്, ചടയമംഗലത്ത് വ്യാവസായിക പരിശീലന സ്ഥാപനം തുടങ്ങുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളത്. മേൽ സാഹചര്യത്തിൽ, ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 2 ഏക്കർ സ്ഥലം പ്രസ്തുത ആവശ്യത്തിലേയ്ക്കായി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിന് പരാമർശം (4) പ്രകാരം ഗ്രാമ വികസന കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

3. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള, കൊട്ടാരക്കര താലൂക്ക്, കുമ്മിൾ വില്ലേജിലെ 309/12, 309/13 സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട 1 ഏക്കർ 94 സെന്റ് വസ്തു ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി വിട്ടുനൽകുന്നതിന് 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ) ചട്ടങ്ങളിലെ ചട്ടം 3 (1 ) പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മുഹമ്മദ് റിയാസ്**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രസിഡന്റ് / സെക്രട്ടറി, ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്.
ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ് , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എൽ.ബി.എ / എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ